# ബഹ്റിൻ കേരളീയ സമാജം

## The Bahrain Keraleeya Samajam

## <u>പുലിക്കളി</u>

അരനൂറ്റാണ്ടിലേറെ പഴക്കമുള്ളതാണ് പുലിക്കളി. തലമുറകളായി തുടർന്നു പോരുന്ന ഇതിനു പൂരത്തിനും ഏറെത്താഴെയല്ലാത്ത സ്ഥാനമുണ്ട്. നാലാം ഓണം നാളിൽ വൈകുന്നേരമാണ് പുലിക്കളി നാട്ടിൽ സംഘടിക്കപ്പെടുന്നത്. ചെണ്ടയുടെ വന്യമായ താളത്തിനു ഒപ്പിച്ചു നൃത്തം വച്ച് കളിച്ച് മുന്നോട്ടു നീങ്ങുന്ന പുലികൾക്ക് ഒപ്പം തയ്യാറാക്കുന്ന വളരെ ആകർഷകവും മനോഹരവുമായ കെട്ട് കാഴ്ചകൾ കേരള ത്തിന്റെ സാംസ്കാരിക കൂട്ടായ്മയെ ഓർമ്മിപ്പിക്കുന്നവയാണ്.

അനുദിനം ചരിത്രത്തിന്റെ ഇരുണ്ട കോണുകളിലേക്കു സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഈ കലാരൂപത്തിന്റെ ചാരുത വരും തലമുറയ്ക്കും അനുഭവിച്ചറിയാൻ ഒരു വേദി ഒരുക്കുക എന്ന നയത്തിന്റെ ഭാഗമായാണ് ബഹ്റൈൻ കേരളീയ സമാജം ഇക്കുറി ഓണാഘോഷ പരിപാടികളിൽ പുലികളിക്കു ശ്രേഷ്ഠമായ സ്ഥാനം നൽകിയത്.

ശ്രാവണം 16-ന്റെ 5-ാം ദിവസമായ സെപ്തംബർ 12നു ഘോഷയാത്രയ്ക്ക് മുമ്പായി പുലിക്കളി അരങ്ങിലെത്തും.

തൃശ്ശൂരിലെ പുലിക്കളികൾക്കു ഉപയോഗിക്കുന്ന പോലെ ചായം, ഇനാമൽ പെയിന്റ് എന്നിവ മണ്ണെണ്ണയിൽ നന്നായി കൂട്ടിച്ചേർത്താണ് ഉപയോഗിക്കുന്നത്. മുഖത്തും ശരീരത്തിലും പ്രസ്തുത ചായം തേച്ചു വിവിധ ചിത്രങ്ങൾ വരച്ചുള്ള വിവിധ നിറ ത്തിലെ പുലികൾ, പച്ച, മഞ്ഞ, കറുപ്പ്, സിൽവർ, ചുവപ്പ്, നീല, പിങ്ക്, വയലറ്റ് നിറ ങ്ങളിൽ അവതരിപ്പിക്കുക എന്നതാണ് സമാജം ഉദ്ദേശിക്കുന്നത്. 50 പേരിൽ കൂടു തൽ രജിസ്റ്റർ ചെയ്യുന്ന പക്ഷം നാട്ടിൽ നിന്നെത്തുന്ന മികച്ച പുലി വര ചിത്രകാരന്മാ രോടൊപ്പം പുലിക്കളി അവതരിപ്പിക്കാനുള്ള അസുലഭ അവസരമാണ് ബഹ്റൈൻ മലയാളികൾക്കായി സമാജം ഒരുക്കിയിരിക്കുന്നത്.

രജിസ്റ്റർ ചെയ്യാനും കൂടുതൽ വിവരങ്ങൾക്കും : അർജുൻ ഇതിക്കാട്ട് (39114852), ശിവകുമാർ കൊള്ളേരൊത് (36044417) എന്നിവരുമായി ബന്ധപ്പെട്ടു സെപ്തംബർ 1-നു മുമ്പായി നിങ്ങളുടെ പേർ രജിസ്റ്റർ ചെയ്യുക.

പുലികളിക്കു ശേഷം അരങ്ങേറുന്ന ഘോഷയാത്രയിലെ പുലികളിയിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് പങ്കെടുക്കാവുന്നതാണ്.

## രജിസ്ട്രേഷൻ ഫോറം

<table>
<tr><th colspan="3">പേര് വിവരം</th></tr>
<tr><td>പങ്കെടുക്കുന്ന ആളിന്റെ പേര്</td><td colspan="2"></td></tr>
<tr><td>മൊബൈൽ</td><td colspan="2">ഇ-മെയിൽ</td></tr>
<tr><td>ഒപ്പ്</td><td colspan="2"></td></tr>
<tr><td>തീയതി</td><td colspan="2"></td></tr>
<tr><th colspan="3">ഓഫീസ് ആവശ്യത്തിന് മാത്രം</th></tr>
<tr><td>Entry checked by</td><td>Accepted by</td><td>Remarks</td></tr>
<tr><td></td><td></td><td></td></tr>
</table>